15 -ാം കേരള നിയമസഭ

10 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 757 30-01-2024 - ൽ മറുപടിയ്ക്ക്

വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ പുതുതായി വൈദ്യുതി വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; കുറ്റ്യാടി ടൗൺ, കക്കട്ടിൽ ടൗൺ എന്നിവിടങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (എ) | കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പുതുതായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാനുള്ള പദ്ധതികൾ കെ.എസ്.ഇ.ബി.എൽ.-ന് നിലവിലില്ല. എന്നാൽ എല്ലാ ജില്ലകളിലും ഗവൺമെന്റ് സ്ഥാപനത്തിലും മറ്റുമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ വെയ്ക്കേണ്ട സ്ഥലങ്ങളുമായി ബന്ധപ്പെട്ട റിപ്പോർട്ടും കത്തും അതത് ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. അത്തരത്തിൽ സ്ഥലവും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കു ന്നത് പരിഗണിക്കാവുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.<br><br>കുറ്റ്യാടി മണ്ഡലത്തിൽ അനെർട്ട് നിലവിൽ ചാർജിംഗ് സ്റ്റേഷനുകൾ ഒന്നും തന്നെ സ്ഥാപിച്ചിട്ടില്ല. എന്നാൽ അനുയോജ്യമായ സ്ഥലങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു നൽകാൻ കഴിയുന്നതാണെന്ന് അനെർട്ട് അറിയിച്ചിട്ടുണ്ട്.<br><br>ഇലക്ട്രിക് കാറുകൾ ചാർജ് ചെയ്യുന്നതിന് 30-60 മിനിറ്റ് സമയം വേണ്ടി വരുന്നതിനാൽ കഫറ്റീരിയ, വാഷ് റൂം മുതലായ സൗകര്യങ്ങളുള്ള സ്ഥലങ്ങളാണ് ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾക്ക് അനുയോജ്യമായിട്ടുള്ളത്. കുറഞ്ഞത് 25/30 kW ശേഷി മുതലുള്ള ഫാസ്റ്റ് ചാർജിംഗ്മെഷീനുകൾക്ക് മെഷീൻ വിലയുടെ 25% സംസ്ഥാന സർക്കാർ സബ്സിഡിയായി ലഭിക്കുന്നതാണ്. കൂടാതെ നിഴൽ രഹിതമായി സൂര്യപ്രകാരം കിട്ടുന്ന സ്ഥലം ലഭ്യമായിട്ടുള്ള ഹോട്ടലുകളിൽ ചാർജിംഗ് സ്റ്റേഷനോടൊപ്പം സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ ഒരു കിലോവാട്ടിന് Rs.20000/- എന്ന കണക്കിൽ പരമാവധി 50 kW സൗരോർജ്ജ സംവിധാനത്തിന് 10 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു. |

സെക്ഷൻ ഓഫീസർ